കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/241/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തിയ്യതി 29.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് .

സർ,

വിഷയം: കീഴല്ലൂർ ഗ്രാമപഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1,3-1എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(ഇ-മെയിൽ)

3)കാര്യാലയ പ്രതി

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/241/2019 തീയ്യതി: 29.03.2019

## കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)*

ആമുഖം

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 01.08.2017മുതൽ18.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ എം.പി, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 19-02-2019 മുതൽ 01-03-2019 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശശീന്ദ്രൻ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ധന്യ.എം | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ എം.രാജൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ എൻ. അനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ ജീവ.ജെ.എസ് | 01-04-2017 മുതൽ 26-04-17 വരെ |
| | ശ്രീ പ്രദീപൻ.എം.എൻ | 27-04-17 മുതൽ 10-10-2017 വരെ |
| | ശ്രീമതി രാഖി.കെ | 11-10-2017മുതൽ 31-10-2017 വരെ |
| | ശ്രീമതി സ്മിത .കെ.ഒ | 01-11-2017മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമനോഹരൻ മാണിക്കോത്ത് | 01-04-2017 മുതൽ 06-08-2017 വരെ |
| | ശ്രീ ഷാനവാസ് | 07-08-2017 മുതൽ 17-09-2017 വരെ |
| | ശ്രീ മനോഹരൻ മാണിക്കോത്ത് | 18-09-2017 മുതൽ 31-03-2018 വരെ |
| വെറ്റിനറി | ഡോ.ടോണിജോസ് | 01.04.2017 മുതൽ 03.09.2017 വരെ |
| | ഡോ.മഗേഷ്.എസ് | 04.09.2017 മുതൽ 31.12.2017 വരെ |
| | ഡോ.ടോണിജോസ് | 01.01.2018 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ,എടയന്നൂർ | ശ്രീ ഷാജി.എം | 01.04.2017 മുതൽ 16.10.2017 വരെ |
| | ശ്രീമതി രേഷ്മ രവീന്ദ്രൻ | 17.10.2017 മുതൽ 14.11.2017 വരെ |
| | ശ്രീ നിരൂപ് കുമാർ പി | 15.11.2017മുതൽ 31-03-2018 വരെ |
| വി.ഇ.ഒ.കീഴല്ലൂർ | ശ്രീമതി ബിന്ദു.എം | 01.04.2017 മുതൽ 13.12.2017 വരെ |
| | ശ്രീ നിരൂപ് കുമാർ പി | 14.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ശ്രീദേവ് | 01.04.2017 മുതൽ 30.12.2017 വരെ |
| | ഡോ.അഞ്ജു പഴംതോട്ടത്തില് | 31-12-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ പ്രദീപൻ. എൻ | 01-04-2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഗീത.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | ഡോ.വിദ്യോത്കുമാർ.വി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.അമൃദ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ഉഷ കരിയിൽ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തിയതിന്മേലുള്ള വിമാനത്താവള കമ്പനിയുടെ ആക്ഷേപം സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും അർഹമായ തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ് | 2-1 |
| 14 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-2 |
| 15 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-3 |
| 16 | ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കിയില്ല -₹ 500 വരവ് നഷ്ടം | 2-4 |
| 17 | ഇ-ടെണ്ടർ ഫീ തിരികെ ഈടാക്കിയില്ല. | 2-5 |
| 18 | രശീതി പരിശോധന അപാകങ്ങൾ | 2-6 |
| 19 | പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്താതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-7 |
| | ഭാഗം 3 ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷ | |

| | | |
|---|---|---|
| | ണങ്ങൾ | |
| 20 | വിമാനത്താവള നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയിൽ ഗ്രാമപഞ്ചായത്ത് ആസ്തികൾ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ് | 3-1 |
| 21 | തെരുവ് വിളക്കിന് വൈദ്യുതി ചാർജ് - കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. | 3-2 |
| 22 | വെള്ളക്കരം കുടിശ്ശിക ഡിമാന്റ് ചെയ്തത് - തുടർ നടപടി കൈക്കൊണ്ടില്ല | 3-3 |
| 23 | സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് പ്രീമിയം സർക്കാർ നിർദേശിച്ച നിരക്കിൽ ഈടാക്കേണ്ടതാണ്. | 3-4 |
| 24 | തെരുവ് വിളക്കിന് എ.എം.സി- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 3-5 |
| 25 | പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും നിർമ്മാർജ്ജനവും ചെലവു രേഖകൾ അപൂർണ്ണം ചെലവ് തുക ₹ 97000 തടസ്സത്തിൽ വെക്കുന്നു. | 3-6 |
| 26 | കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് നൽകിയ കാർഷിക ഉപകരണങ്ങൾ കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3-7 |
| 27 | ജൈവകാർഷിക പ്രോത്സാഹനം ലക്ഷ്യമിട്ട് ആരംഭിച്ച ഇക്കോഷോപ്പ് മാതൃകാപരം | 3-8 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലനം -മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ് | 3-9 |
| 29 | സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാവുന്നില്ല. യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നില്ല | 3-10 |
| 30 | ഷ്രേഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല | 3-11 |
| 31 | വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി വാർഡുകളിൽ കുടിവെള്ള വിതരണം ചെലവ് രേഖകളിൽ കൃത്യതയില്ല ചെലവ് തുക ₹ 6,00,000 തടസ്സത്തിൽ വെക്കുന്നു. | 3-12 |
| 32 | വിഷയം-ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-13 |
| | ഭാഗം4 പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ട് | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 44 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 45 | ഇൻകം ആന്റ് എക്സ്പ്പെന്റീച്ചർ സ്റ്റേറ്റ് ന്റ് | അനുബന്ധം-2-2 |
| 46 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.03.2017തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ആയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 76426703 |
| വരവ് | 159844069 |
| ആകെ | 236270772 |
| ചെലവ് | 232057443 |
| നീക്കിയിരിപ്പ് | 4213329 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2018 | 23.05.2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28.06.2018 & 29.06.2018 | KSA/KNR/C10/ 1292/18 തീ.31-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29825952 |
| വരവ് | 75388713 |
| ആകെ | 105214665 |
| ചെലവ് | 55518932 |
| നീക്കിയിരിപ്പ് | 49695733 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി രിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10034000 | 10034000 | 10034000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 853479 | 853479 | 853479 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 5998 | 5998 | 5998 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4207000 | 4207000 | 4207000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2587000 | 2587000 | 2587000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 4712049 | 4712049 | 4712049 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR | 0 | 884159 | 884159 | 857696 | 26463 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| സാക്ഷരത | | 19139 | 110 | 19249 | 0 | 19249 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 16817342 | 16817342 | 16817342 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 425 | 1092181 | 1092600 | 1005422 | 87184 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 454864 | 561076 | 1015940 | 326272 | 689668 |
| ടി.എസ്.സി | | 853800 | 364200 | 1218000 | 150000 | 1068000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 2989500 | 2989500 | 489500 | 2500000 |
| | ജില്ലാ പഞ്ചായത്ത് | 155600 | 200000 | 355600 | 199933 | 155667 |
| ബി ഫണ്ട് | | 0 | 167742 | 167742 | 167742 | 0 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 19983162 | 6099573 | 26082735 | 23199203 | 49281938 |

* ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2017-18 വർഷം 6958000/-രൂപ ലഭിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ, അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിയോഗം നിരീക്ഷിക്കുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട് പ്രകാരമുള്ളമുള്ള വിവരങ്ങളാണ് മേൽകാണിച്ചിട്ടുള്ളത്.

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 126 | 70421691 | 112 | 30042718 | 25 | 14 | 77.68 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 14 | 4082261 | 2739659 | 67.11 |
| കൃഷി ഓഫീസർ | 12 | 12 | 2805026 | 2231644 | 79.56 |
| വെറ്റിനറി സർജൻ | 07 | 07 | 2303600 | 1620039 | 70.33 |
| ഹെഡ് മാസ്റ്റർ | 05 | 05 | 989480 | 979389 | 98.98 |
| വി.ഇ.ഒ | 11 | 09 | 3673418 | 1924529 | 52.39 |
| അസി.എഞ്ചിനിയർ | 55 | 46 | 50834763 | 15273647 | 30.04 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03 | 03 | 3761877 | 3331380 | 88.56 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 02 | 02 | 400000 | 399937 | 99.98 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 02 | 02 | 775000 | 774802 | 99.97 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01 | 01 | 100000 | 100000 | 100 |
| അസി.സെക്രട്ടറി | 11 | 11 | 696266 | 667692 | 95.90 |
| ആകെ | 126 | 112 | 70421691 | 30042718 | 42.66 |

ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 10727297 | 10034000 | 93.54 |
| എസ്.സി.പി | 871000 | 853479 | 97.99 |
| ടി.എസ്.പി | 6000 | 5998 | 99.97 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6648128 | 4712049 | 70.88 |

| | | | |
|---|---|---|---|
| ലോകബാങ്ക് ധനസഹായം | 880757 | 857696 | 97.38 |
| കേന്ദ്രാവിഷ്കൃതം | 673477 | 507659 | 75.38 |
| സംസ്ഥാനാവിഷ്കൃതം | 93750 | 0 | 0 |
| തനത് ഫണ്ട് | 3483523 | 1804949 | 51.81 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 489500 | 489500 | 100 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 200000 | 199993 | 99.99 |
| സംരക്ഷണഗ്രാന്റ് റോഡ് | 5129486 | 4207000 | 82.02 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3102408 | 2587000 | 83.39 |
| മറ്റുള്ളവ | 38116365 | 3783455 | 9.93 |
| ആകെ | 70421691 | 30042718 | 42.66 |

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ 2017-18 വർഷം ഏറെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ച 126 പ്രൊജക്ടുകളിൽ 112 എണ്ണം നടപ്പിലാക്കാനായിട്ടുണ്ട്. വികസന ഫണ്ട്,ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നീ ഇനങ്ങളിൽ ലഭ്യമായ ഫണ്ടുകൾ 100%വും ചെലഴിക്കാൻ സാധിച്ച എന്നത് ശ്രദ്ധേയമായ നേട്ടമായി കാണുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം ,മോണിറ്ററിംഗ് എന്നിവയിലും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്.

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 15അംഗ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് മിനിട്സ് എഴുതി സൂക്ഷിക്കാത്തത് പോരായ്മയാണ്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്.

മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ അഞ്ച്

തവണ യോഗം ചേർന്നിട്ടുണ്ട്. പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ലെന്ന് സൂക്ഷിച്ച രേഖകളിൽനിന്നും വ്യക്തമാകുന്നു. യോഗ മിനിട്സുകൾ കൃത്യമായി എഴുതി പരിപാലിച്ചുവരുന്നില്ല. ഉദാഹരണമായി പൊതുമരാമത്ത്, ദാരിദ്ര്യലഘൂകരണം, മൃഗസംരക്ഷണം, കുടിവെള്ളം-ശുചിത്വം എന്നിവയുടെ മിനിട്സുകൾ കാണുക.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രൊജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 425 | 1513181 | 1513606 | 1426422 | 87184 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16817342 | 16817342 | 16817342 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7680 | 12 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6493400 | 551 |
| വിധവാപെൻഷൻ | 6910700 | 606 |
| വാർദ്ധക്യകാലപെൻഷൻ | 14692400 | 1190 |
| വികലാംഗപെൻഷൻ | 2477100 | 221 |
| 50വയസ് തികഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1816300 | 154 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66332/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണസംവിധാനവും നല്ല രീതിയിൽ നടന്നുവരുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാ മാസവും വിളിച്ച് ചേർത്ത് പ്രവർത്തന വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി കുറ്റമറ്റരീതിയിൽ സൂക്ഷിക്കേണ്ടതായുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം ലഭ്യമാക്കുന്നുണ്ടെന്നും അവ തീർപ്പ് കൽപ്പിക്കപ്പെടുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇത് അത്യാവശ്യമാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പ്രസിഡണ്ട് ചെയർമാനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതുണ്ടെങ്കിലും ഇപ്രകാരം നടന്നിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ)പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്.ഓഫീസിന്റെ ആന്തരിക സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ,ഫ്രണ്ട് ഓഫീസ് നടത്തിപ്പ്,നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ,ഓഫീസ് ചുമതലാ വിഭജനവും പ്രവർത്തനവും,സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതായുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/04/18 മുതൽ 23/04/18 | 01/01/18 – 31/03/18 | 23/04/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/06/2006 മുതൽ 01/07/2006 വരെ | 1997-98 - 2005-06 | 01/08/2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.B-1 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

3.ട്രഷറി / ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4.B-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ 2,84,25,226/- രൂപ തനതുഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രത്യേകം ACR സൂക്ഷിച്ചിട്ടില്ല.

5.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള 1,62,632/- രൂപയുടെ വരവ് R & P സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.2016-17 ലെ B-15 പ്രകാരം വസ്തുനികുതി കുടിശ്ശിക 59,406/- ( ലൈബ്രറി സെസ് ഉൾപ്പെടെ) ആണ്. എന്നാൽ 'സഞ്ചയ' പ്രകാരമുള്ള തുക 78,622/- ആണ്.

7.വസ്തുനികുതി തൻവർഷ ഡിമാന്റ്, കളക്ഷൻ ഇവ വാർഷികധനകാര്യപത്രികയിലേയും സഞ്ചയയിലേയും തുകയുമായി പൊരുത്തപ്പെടുന്നില്ല

8.'സഞ്ചയ' പ്രകാരം തൻവർഷം വസ്തുനികുതി കുടിശ്ശിക ഇല്ല. എന്നാൽ B-15 പ്രകാരം 50,162/- ബാലൻസ് കാണുന്നു.

9.Capital Work in Progress എന്ന ശീർഷകത്തിൽ 65,11,502/- രൂപ കാണിച്ചിട്ടുണ്ടെങ്കിലും ആയത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് സൂക്ഷിച്ചിട്ടില്ല.

10.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11.സംരക്ഷണഗ്രാന്റ് (Non Road) തുക എ.സി.ആർ പ്രകാരം 25,87,000/- രൂപയാണ്. എന്നാൽ I-6 പ്രകാരം 25,62,738/- രൂപയാണ്.

12.പഞ്ചായത്ത് നൽകിയതും മൂന്ന മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in Respect of Stale Cheques ) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

13.ദുരിതാശ്വാസ നിധി കണക്ക്- അക്കൌണ്ടിൽ കാണിച്ച വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് പ്രത്യേക വരവ് ചെലവ് കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

14.ശ്മശാനനിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതും പിന്നീട് സർക്കാർ തിരിച്ചെടുത്തതുമായ 25,00,000/-രൂപ ബാലൻസ് ഷീറ്റിൽ ഇപ്പോഴും ബാദ്ധ്യതയായി കാണിച്ചിരിക്കുന്നു.

15.മുൻകൂർ റജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളക്കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തിയതിന്മേലുള്ള വിമാനത്താവള കമ്പനിയുടെ ആക്ഷേപം സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും അർഹമായ തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ കീഴല്ലൂർ, കാനാട് ദേശങ്ങളിലായി വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 2500 ഏക്കറോളം ഭൂമി ഏറ്റെടുത്താണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത വിമാനത്താവളം 9-12-2018 തീയതിയിൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിക്കുകയുണ്ടായി. വിമാനത്താവളത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത് പ്രകാരം പാസഞ്ചർ ടെർമിനലിനും കൺട്രോൾ ടവറിനും കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് 15-12-2018 തീയതിയിൽ വിമാനത്താവള കമ്പനി അധികൃതർ സമർപ്പിച്ച . (KIAL/CPE/87/2018/402) അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത് അധികൃതർ പരിശോധന നടത്തി നമ്പർ എ3/8655/17 തീയതി, 28-01-2019 പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. പ്രസ്തുത ഡിമാന്റ് നോട്ടീസിൽ പാസഞ്ചർ ടെർമിനൽ കെട്ടിടത്തിന് ₹ 1,19,608 രൂപയും, എയർ ട്രാഫിക്ക് കൺട്രോൾ കെട്ടിടത്തിന് ₹ 62,46,980 രൂപയും നികതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ വിമാനത്താവള കമ്പനി അധികൃതർ ഗ്രാമപഞ്ചായത്ത് നടത്തിയ വസ്തുനികുതി നിർണ്ണയം പുന:പരിശോധിക്കാനാവശ്യപ്പെട്ട് ( 02-09-2019 തീയതിയിൽ KIAL/ED/30/2019/64 ) കത്ത് നൽകിയതായി കാണുന്നു. പ്രസ്തുത കത്തിൽ അസംബ്ലി ബിൽഡിംഗ് കേറ്റഗറിയിൽ

ഉൾപ്പെടുത്തിവേണം വിമാനത്താവളത്തെ വസ്തുനികുതി നിർണ്ണയത്തിന് പരിഗണിക്കാനെന്നാണ് ഉന്നയിച്ചിട്ടുള്ളത്. ഈ കത്തിനുള്ള മറുപടിയായി (13-02-2019 തീയതിയിൽ എ3/8655/18) ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച വസ്തുനികുതിയിന്മേൽ ആക്ഷേപമുള്ള പക്ഷം ധനകാര്യ സ്റ്റാൻ്റിംഗ് കമ്മറ്റി മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതിനും, ധനകാര്യ സ്റ്റാൻ്റിംഗ് കമ്മറ്റി തീരുമാനത്തിന്മേൽ ആക്ഷേപമുള്ള പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിനെ സമീപിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല 1996ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിന്മേലുള്ള സർചാർജ്ജും ) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് ഇപ്പോൾ പ്രാബല്യത്തിലുള്ള 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്നും അറിയിക്കുകയുണ്ടായി. ഡിമാൻ്റ് നോട്ടീസിന്മേൽ കൃത്യമായ തുടർ നടപടികൾ സ്വീകരിച്ച് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് അപാകങ്ങൾ

1.ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 , 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽകരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളാണുള്ളത്. ഈ വാർഡുകളിലെല്ലാമായി 550 സ്ഥാപനങ്ങൾ 2017-18 വർഷത്തേക്ക് ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 1971 കെട്ടിടങ്ങളുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 1603 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ളകെട്ടിടങ്ങൾ | 48 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെയുള്ള ഷോപ്പിംഗ് മാളുകൾ | 9 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിലുള്ളഷോപ്പിംഗ് മാളുകൾ | 103 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ പെട്ടികടകൾ,കമ്പ്യൂട്ടർ | 6 |

| | |
|---|---|
| സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | |
| ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം | 15 |
| ആശുപത്രി | 2 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകൾക്കുള്ള<br>ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 39 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 146 |
| ആകെ | 1971 |

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1971 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. എന്നാൽ 550 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിലും തൊഴിൽനികുതി ഇനത്തിലും വരുമാന നഷ്ടം ഉണ്ടാവുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പരിശോധന നടത്തി വാർഡ് തല സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും പ്രസ്തുത രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2.അപേക്ഷകൾ അപൂർണ്ണമാണ്

ഡി& ഒ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച മിക്ക അപേക്ഷകളിലും അവശ്യവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഒരു ദിവസത്തെ വിറ്റുവരവിന്റെയോ/ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ മിക്ക അപേക്ഷയിലും ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൻമേലുള്ള അന്വേഷണ റിപ്പോർട്ടോ, സെക്രട്ടറിയുടെ തീരുമാനമോ ഇല്ലാതെയാണ് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നം,കെട്ടിട നം | അപേക്ഷകന്റെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | VII/379 | കെ.മുഹമ്മദ് ഹാജി | ടയർ റീസോളിംഗ് |
| 2 | I/22 | രയരോത്ത് സജേഷ് | ഫർണ്ണിച്ചർ വിൽപ്പന |
| 3 | I/179 | അനിൽകുമാർ പി വി | ഇറച്ചിക്കോഴി വിൽപ്പന |

3.ഡി ആന്റ് ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകളുടെ പരിശോധനയിൽ പല അപേക്ഷകളും സമർപ്പിച്ചത് സമയപരിധി പാലിക്കാതെയാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | വ്യപാര ഇനം | റസീറ്റ് നമ്പർ /തീയതി |
|---|---|---|---|---|
| 1 | മേപ്പാടൻ വൽസൻ | 22.3.2018 | ഫ്ലോർമിൽ | 107566/24.3.2018 |
| 2 | അബ്ദുൾ ലത്തീഫ് ടി കെ | 23.02.2018 | പെയിന്റ് വിൽപ്പന | 107476/19.03.2018 |
| 3 | ഇ. പി ഷമീർ | 12.2.2018 | പ്ലൈവുഡ്,ഗ്ലാസ് വിൽപ്പന | 107235/3.3.2018 |

സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡി ആന്റ് ഒ ലൈസൻസ് വാങ്ങിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷ ആരംഭം മുതൽ ലൈസൻസ് വാങ്ങിക്കുന്ന തീയതി വരെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവെന്നാണ് അർഥമാക്കുന്നത്. ആയതിനാൽ ചട്ടലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പഞ്ചായത്തിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. തുടർവർഷങ്ങളിൽ ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങളിൽ അനുശാസിക്കുന്ന വിധം പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

കേരളപഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ലെ ചട്ടം 3(1) ൽ പ്രതിപാദിക്കുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതിന് ലൈവ് സ്റ്റോക്ക് ഫാമുകൾ നിശ്ചിതഫീസ് (പട്ടിക പ്രകാരം)നൽകി ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ ഡി & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന ഫാമുകൾ ഓഡിറ്റ് വർഷം ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല.

| കെട്ടിട നം. | ലൈസൻസിയുടെ പേര് | വിവരണങ്ങൾ |
|---|---|---|
| 6/194 | സി ശ്രീനിവാസൻ | കോഴിഫാം |
| 6/212A | ആർ.ഷീല | കോഴിഫാം |
| 10/262 | അഷ്റഫ് എൻ കെ | കോഴിഫാം |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (10/22.02.2019) മറുപടിയായി മേൽ ഫാമുകൾ ലൈസൻസ് ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുന്നെ നിലവിൽ വന്നതാണെന്നും ഇവരിൽ നിന്ന് ഇനി മുതൽ ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കേരളപഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ലെ ചട്ടം 8 പ്രകാരം ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന സമയത്ത് ഒരു ലൈവ് സ്റ്റോക്ക് ഫാം സ്വന്തമായി വച്ചുപോരുകയോ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറുമാസത്തിനുള്ളിൽ ഈ ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി ഒരു ലൈസൻസ് നേടേണ്ടതും അപ്രകാരം ലൈസൻസ് നേടിയില്ലാത്തപക്ഷം, പ്രസ്തുത കാലപരിധിയ്ക്ക് ശേഷം അപ്രകാരമുള്ള ഫാം നടത്തിക്കൊണ്ടുപോകുവാൻ പാടില്ലാത്തതുമാണ്. ആയതിനാൽ മേൽ വിഷയത്തിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 <u>ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കിയില്ല-₹500 വരവ് നഷ്ടം</u>

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3 ലെ പട്ടികയിൽ വ്യക്തികളിൽ നിന്നും അർദ്ധവർഷവരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽനികുതി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ചുവടെ കാണിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി കുറവായാണ് ഈടാക്കിയത്.

| ക്രമ നമ്പർ | സ്ഥാപനം | ജീവന ക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട തുക | ഈടാക്കിയ തുക | റസീപ്റ്റ് നമ്പർ/തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | എൽ& ടി കൺസ്ട്രക്ഷൻ | ദേബാഷിഷ് ഘോഷ് | 152670 | 1250 | 1000 | 500026/ 28.09.17 | 250 |
| 2 | എൽ& ടി കൺസ്ട്രക്ഷൻ | ജിതേന്ദ്രകുമാർ | 152670 | 1250 | 1000 | 500026/ 28.09.17 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ആകെ | 500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10/23.02.2019) മറുപടിയായി തുക ഒടുക്കുന്നതിനായി കമ്പനിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കുറവ് വന്ന തുക ഈടാക്കി വിവരം സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ ഫീ തിരികെ ഈടാക്കിയില്ല.

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 15 പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേനയുള്ള പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ ₹ 89600 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 2015-16 മുതലാണ് ഇ-ടെണ്ടർ സമ്പ്രദായം ആരംഭിച്ചത് ഇ-ടെണ്ടർ നടപടികളിലൂടെ നിർവ്വഹിച്ച പ്രവൃത്തികൾക്ക് ലഭിച്ച ടെണ്ടറുകളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ചുള്ള വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. 2017-18 വർഷം വരെ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ആകെ 1,10,875 രൂപ തിരികെ ലഭിക്കാനുള്ളതായി അസി.എഞ്ചിനിയർ അറിയിക്കുകയുണ്ടായി. ( ₹ 8820 (2015-16), ₹ 12455 (2016-17), ₹ 89600 ( 2017-18).

## 2-6 രശീതി പരിശോധന അപാകങ്ങൾ

1.ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ച മിക്ക രശീതി ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ ആയത് സ്ഥാപന മേലധികാരിയോ, സ്ഥാപന മേലധികാരി അതിനായി ഉത്തരവ് മൂലം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ കാൻസൽ ചെയ്ത പല രസീതുകളും ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|---|
| 1 | 5500 | 90 |
| 2 | 4800 | 32 |
| 3 | 4803 | 87 |

| | | |
|---|---|---|
| 4 | 25093 | 59 |
| 5 | 4801 | 6,7,8 |
| 6 | 8514 | 19 |
| 7 | 5493 | 49 |

## **2-7** പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്താതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഓഡിറ്റ് വർഷം ഡി & ഒ ലൈസൻസ് അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|
| 1 | രോഷ്നി രമേശൻ,ദന്തൽക്ലിനിക് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/23.2.2019) മറുപടിയായി ടിയാന് രജിസ്ട്രേഷൻ നടത്തുന്നതിനും ആയതിന്റെ തുക ഒടുക്കുന്നതിനും കത്ത് നൽകിയിട്ടുണ്ടെന്നും തുക അടവാക്കി മറുപടി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടം 8ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** വിമാനത്താവള നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയിൽ ഗ്രാമപഞ്ചായത്ത് ആസ്തികൾ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്

കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ കീഴല്ലൂർ, കാനാട് ദേശത്തെ 1, 1/2, 2, 3/1, 44/1, 7/4,7/5,26,27,28,81/3,85/1,85/2A,85/2B,86/1,86/2 എന്നീ സർവ്വെ നമ്പരുകളിലായി വ്യാപിച്ച് കിടക്കുന്ന ഏകദേശം 2500 ഏക്കർ ഭൂമി ഏറ്റെടുത്താണ് കണ്ണൂർ വിമാനത്താവളം

നിർമ്മിച്ചിട്ടുള്ളത്. സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള പ്രസ്തുത ഭൂമി നഷ്ടപരിഹാരം നൽകിയാണ് ഏറ്റെടുത്തിട്ടുള്ളത്. ഈ ഭൂവിഭാഗത്തിൽ റോഡുകളായും, തോടുകളായും ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഉൾപ്പെടാനുള്ള സാദ്ധ്യതയുണ്ട്. വിമാനത്താവളത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററുമായി ഒത്തുനോക്കി ഇത് സംബന്ധിച്ചുള്ള കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ഏറ്റെടുത്ത ഭൂമിയിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഉൾപ്പെടുന്നുണ്ടെങ്കിൽ നഷ്ടപരിഹാരം ലഭിക്കാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 2/2019 തീയതി, 22-2-2019) " അടുത്ത ഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുവാൻ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന സമയത്ത് ആസ്തി രജിസ്റ്റർ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മൂന്ന് ഘട്ടങ്ങളിലായി ഏറ്റെടുത്ത ഭൂമിയിൽ ഗ്രാമപഞ്ചായത്ത് ആസ്തികൾ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്.

## 3-2 തെരുവ് വിളക്കിന് വൈദ്യുതി ചാർജ് - കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി പഞ്ചായത്ത് 2017-18 വർഷം ആകെ 387351/-രൂപ ഒടുക്കിയിട്ടുണ്ട്. ഇതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| മാസം | ഒടുക്കിയ തുക |
|---|---|
| 4/17 | 26838 |
| 5/17 | 26838 |
| 6/17 | 32744<br>4135(കുടിശ്ശിക) |
| 7/17 | 32744 |
| 8/17 | 32744 |
| 9/17 | 32744 |
| 10/17 | 32744 |
| 11/17 | 32744 |
| 12/17 | 32744 |
| 1/18 | 32744 |
| 2/18 | 32744 |
| 3/18 | 34844 |
| | 387351 |

പഞ്ചായത്ത് പരിധിയിലുള്ള വിവിധ തരത്തിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം

രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2017 ജൂൺ മാസം മുതൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചപ്പോൾ നിരക്ക് സംബന്ധിച്ചുള്ള അറിയിപ്പ് കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിന് നൽകിക്കാണുന്നില്ല.വർദ്ധിപ്പിച്ച നിരക്ക് എത്രയെന്ന് കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കാതെ ആവശ്യപ്പെട്ട തുക അടക്കുകയാണ് ചെയ്യുന്നത്. വിളക്കുകളുടെ എണ്ണം സംബന്ധിച്ചും വ്യക്തമായ കണക്ക് സൂക്ഷിക്കാത്തതിനാൽ ഒടുക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണവും അവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും വ്യത്യസ്ത വിളക്കുകൾക്ക് ഒടുക്കുന്ന തുകയുടെ നിരക്ക് കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## **3-3** <u>വെള്ളക്കരം കുടിശ്ശിക - ഡിമാന്റ് ചെയ്യത് - തുടർ നടപടി കൈക്കൊണ്ടില്ല</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതുടാപ്പുകൾക്കുള്ള വെള്ളക്കരമിനത്തിൽ 2017-18 വർഷം 63 ടാപ്പുകൾക്ക് പ്രതിമാസം 27563/-രൂപ പ്രകാരം വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. പൊതുടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണെന്ന് ജലഅതോറിറ്റി അധികൃതരുമായി ചേർന്ന് 2017-18 വർഷം സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം 63 എണ്ണമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി എല്ലാ മാസവും നൽകുന്ന ഡിമാന്റ് നോട്ടീസിൽ വെള്ളക്കരം കുടിശ്ശിക ഒടുക്കുവാൻ ആവശ്യപ്പെട്ടുകാണുന്നു. 2017-18 വർഷാവസാനം മാർച്ച് മാസം നൽകിയ ഡിമാന്റ് നോട്ടീസിൽ ആകെ 62462/-രൂപ കുടിശ്ശിക ഒടുക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. ഏത് കണക്ക് പ്രകാരമാണ് ഇത്രയും വലിയ കുടിശ്ശിക ഒടുക്കുവാനാവശ്യപ്പെടുന്നത് എന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം.13/2017-18 തീയ്യതി-27-02-2019) മറുപടി നൽകിയിട്ടില്ല, എപ്പോൾ മുതൽക്കാണ് വെള്ളക്കരം കുടിശ്ശികയായി ബില്ലിൽ ഉൾപ്പെട്ടത് എന്ന് പരിശോധിക്കേണ്ടതും കുടശ്ശികബില്ല് സമർപ്പിക്കുവാനുണ്ടായ സാഹചര്യം എന്തെന്ന് പരിശോധിക്കുന്നതിന് ജലഅതോറിറ്റി ഓഫീസുമായി ബന്ധപ്പെടേണ്ടതുമാണ്. കുടിശ്ശിക ബില്ല് ലഭിച്ച ശേഷം ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി യാതൊരു കത്തിടപാടുകളും ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് സംബന്ധിച്ച് വ്യക്തത വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **3-4** <u>സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് പ്രീമിയം സർക്കാർ നിർദേശിച്ച നിരക്കിൽ ഈടാക്കേണ്ടതാണ്.</u>

ജി.ഒ.(പി)149/2016/ധന തീയതി 04-10-2016 പ്രകാരം 01-01-2017 മുതൽ സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് പ്രീമിയം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. താഴെ പറയുന്ന ജീവനക്കാരുടെ 2/2018 ലെ ശമ്പളബിൽ പരിശോധിച്ചപ്പോൾ സർക്കാർ നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് സ്റ്റേറ്റ് ലൈഫ് ഇൻഷ്വൂറൻസ് വരിസംഖ്യ ഈടാക്കിക്കാണുന്നത്. (വൗച്ചർനം.21700871/03.03.2018, 21700872/03.03.2018)

| ജീവനക്കാരന്റെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം | സർക്കാർ നിശ്ചയിച്ച നിരക്ക് | ഈടാക്കുന്നത് |
|---|---|---|---|
| ശ്രീ.അനിൽ കുമാർ.എൻ.സെക്രട്ടറി | 49200 | 500 | 150 |
| ശ്രീ.പ്രദീപൻ.എൻ.അസി.സെക്രട്ടറി | 40550 | 500 | 175 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം11തീയ്യതി-23-02-2019)മറുപടി സമർപ്പിച്ചിട്ടില്ല, സർക്കാർ നിർദ്ദേശിച്ച നിരക്കിൽ സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് വരിസംഖ്യ ഈടാക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്കിന് എ.എം.സി- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം. | 37/2018 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കിന് എ.എം.സി |
| അടങ്കൽ | 85000/- (തനത് ഫണ്ട്) |
| വൗച്ചർ നം/തീയ്യതി/തുക | 21701054/31-03-2018-84900/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2017-18 വർഷം സ്പിൽ ഓവറായി ഏറ്റെടുത്ത പ്രൊജക്ടാണിത്.പഞ്ചായത്ത് പരിധിയിലുള്ള 182 ട്യൂബുകളും 218 സി.എഫ്.എൽ ഉം വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനാണ് 2016-17 വർഷം 170000/-രൂപ അടങ്കലിൽ പ്രൊജക്ട് തയ്യാറാക്കിയത്. മുൻ വർഷം 42450/-വീതം രണ്ട് ഗഡുക്കളായി 84900/-രൂപയും 2017-18 വർഷം ബാക്കിയുള്ള രണ്ട് ഗഡുക്കൾ ചേർന്ന് 84900/-രൂപയും നൽകി. ആകെ 169800/-രൂപ കരാറുകാരനായ ശ്രീലേഷ്.സി, ചക്കരക്കൽ എന്നവർക്ക് നൽകി.എന്നാൽ ആദായ നികുതി വകുപ്പ് സെക്ഷൻ 194 സി പ്രകാരം കരാർ തുകയായ 169810/-രൂപയുടെ 1% തുക ആദായ നികുതി രണ്ട് വർഷങ്ങളിലും ഈടാക്കിയിട്ടില്ല.കരാർ തുകയുടെ 1% 1698 രൂപ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-6 പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും നിർമ്മാർജ്ജനവും ചെലവു രേഖകൾ അപൂർണ്ണം ചെലവ് തുക ₹ 97000 തടസ്സത്തിൽ വെക്കുന്നു.

a)പ്രോജക്ട് നം. 39/2017-18

പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും നിർമ്മാർജ്ജനവും

അടങ്കൽ-₹ 99118 ( തനത്)

ചെലവ്-₹ 40,000 ( ചെക്ക് നം. 0678948 തീയതി, 28-09-2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

b)പ്രോജക്ട് നം. 102/17-18

ചെലവ്- ₹ 34200 ( ചെക്ക് നം. 2669230 തീയതി, 31-3-2018)

₹ 22800 ( ചെക്ക് നം. 678981 തീയതി, 14-12-2017)

57000

ആകെ ചെലവ് ₹ 97000(40000+57000)

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നും 2017 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ചതിനുള്ള കൂലി ഇനത്തിൽ വളണ്ടിയർമ്മാർക്ക് പ്രതിഫലം നൽകുന്നതിനാണ് ഈ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഈയിനത്തിൽ പ്രോജക്ട് 39/2017-18 പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹ 40,000 രൂപയുടെ ചെലവ് വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട് ഈ തുക താഴെ പറയും പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നം. | വൗച്ചർ നം, തീയതി | ചെലവഴിച്ച തുക |
|---|---|---|
| 1 | 9/17-18 തീയതി, 28-09-2017 | 12500 |
| 2 | 10/17-18 തീയതി, 28-09-2017 | 12500 |
| 3 | 11/17-18 തീയതി, 28-09-2017 | 15000 |
| | ആകെ | 40,000 |

വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലന്യങ്ങൾ ശേഖരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള വളണ്ടിയർമാർക്കുള്ള പ്രതിഫലമിനത്തിലാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്, എന്നാൽ പ്രോജക്ട് 102 പ്രകാരം ചെലവഴിച്ച 57,000 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം, സംസ്കരണം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

1.വാർഡുതല പ്രവർത്തനങ്ങൾക്കായി നിയമിച്ച വളണ്ടിയർമാരുടെ വിവരം.

2.പൊതു ജനങ്ങളിൽ നിന്നും ഈടാക്കുന്ന യൂസർ ഫീ സംബന്ധിച്ച വിവരം.

3.വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം

മേൽ രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് തുക ₹ 97000 തടസ്സത്തിൽവെക്കുന്നു. മേൽ അപാകതകൾ പരിഹരിക്കുവാനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-7 കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് നൽകിയ കാർഷിക ഉപകരണങ്ങൾ കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

പ്രോജക്ട് നം. 68/17-18

കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് കാർഷിക ഉപകരണങ്ങൾ നൽകൽ (വനിത)

അടങ്കൽ- 3,19,500 പ്ലാൻഫണ്ട് (ജനറൽ)

ചെലവ്- 3,19,500 ( ബിൽ നം. 1/17-18 തീയതി, 15-11-2017 )
നിർവ്വഹണഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

കുടുംബശ്രീ അംഗീകാരമുള്ള ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് കാർഷിക ഉപകരണങ്ങളായ കാട് വെട്ടി യന്ത്രം, തെങ്ങ്കയറ്റ യന്ത്രം എന്നിവ ലഭ്യമാക്കുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഇതു പ്രകാരം വാങ്ങിയ ഉപകരണങ്ങൾ താഴെ പറയുന്ന ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ.നം | ജെ.എൽ.ജി ഗ്രൂപ്പിന്റെ പേര് | വിതരണം ചെയ്ത ഉപകരണം | എണ്ണം |
|---|---|---|---|
| 1 | സുകൃതി, | ബ്രഷ് കട്ടർ | 1 |
| 2 | ഹരിതശ്രീ, (നിരിപ്പോട്കരി) | ബ്രഷ് കട്ടർ | 1 |
| 3 | പുലരി , | ബ്രഷ് കട്ടർ<br>തെങ്ങ്കയറ്റ യന്ത്രം | 1<br>1 |
| 4 | കാരുണ്യ ഗ്രൂപ്പ് | ബ്രഷ് കട്ടർ | 1 |
| 5 | സംഗമം | ബ്രഷ് കട്ടർ | 1 |
| 6 | ഹരിതശ്രീ, പാലയോട് | ബ്രഷ് കട്ടർ | 1 |
| 7 | ഐശ്വര്യ | ബ്രഷ് കട്ടർ | 1 |
| 8 | തേജസ് | ബ്രഷ് കട്ടർ | 1 |
| 9 | നന്മ | ബ്രഷ് കട്ടർ | 1 |
| 10 | ഹരിതശ്രീ (പേരാവൂർ) | തെങ്ങ്കയറ്റ യന്ത്രം | 1 |
| 12 | സമൃദ്ധി | ബ്രഷ് കട്ടർ | 1 |
| 13 | ആഷാഢം | ബ്രഷ് കട്ടർ | 1 |
| 14 | സമ്പത്ത് | ബ്രഷ് കട്ടർ | 1 |
| 15 | ഹരിതശ്രീ (വാർഡ് IX) | ബ്രഷ് കട്ടർ | 1 |
| 16 | നന്മ കടാങ്കോട്ട് | ബ്രഷ് കട്ടർ | 1 |

ടെണ്ടർ നടപടികളിലൂടെ റെയ്ഡ്ക്കോവിൽ നിന്നാണ് കാർഷിക ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഈയിനത്തിൽ 14 ബ്രഷ് കട്ടർ, 2 തെങ്ങ്കയറ്റ യന്ത്രങ്ങൾ എന്നിവ പർച്ചേസ് ചെയ്യുകയും ഈയിനത്തിൽ 3.19,500 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ജെ.എൽ.ജി ഗ്രൂപ്പുകളുമായി കൃഷി ഓഫീസർ ഏർപ്പെട്ട കരാറിലെ വ്യവസ്ഥ പ്രകാരം യന്ത്രത്തിന്റെ ഉടമസ്ഥാവകാശം കൃഷി ഓഫീസറിലും, കൈവശാധികാരം ജെ.എൽ.ജി ഗ്രൂപ്പുകൾക്കുമാണ്. ഈ യന്ത്രങ്ങൾ കാർഷികാവശ്യത്തിനുമാത്രമായി ഉപയോഗിക്കണമെന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനെക്കാൾ 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഇതു സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ട് പ്രകാരം ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് നൽകിയ യന്ത്രങ്ങൾ ഭൗതിക പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതും, കരാറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി യന്ത്രങ്ങൾ കാർഷികാവശ്യങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-8 ജൈവകാർഷിക പ്രോത്സാഹനം ലക്ഷ്യമിട്ട് ആരംഭിച്ച ഇക്കോഷോപ്പ് മാതൃകാപരം

പ്രോജക്ട് നം. 125/17-18

ഇക്കോഷോപ്പ് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ

അടങ്കൽ- ₹ 49,972 (പ്ലാൻഫണ്ട് ജനറൽ)

ചെലവ്- ₹ 49849 (പ്ലാൻഫണ്ട് ജനറൽ)

ബിൽ നം. 18/17-18 തീയതി, 26-03-2018

നിർവ്വഹണഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

2017-18 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിൽ ഇക്കോഷോപ്പിലേക്കാവശ്യമായ ഇലക്ട്രോണിക് വെയ്യിംഗ് മെഷീൻ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉല്പന്നങ്ങൾക്ക് വിപണി സൗകര്യം ഏർപ്പെടുത്തി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനുമായി ഗ്രാമപഞ്ചായത്തിൽ ഇക്കോഷോപ്പ് എന്ന പേരിൽ സ്ഥാപനം 2018 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൃഷി ഓഫിസറുടെ രക്ഷാധികാരത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇക്കോഷോപ്പ് ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ജൈവകൃഷി ചെയ്യുന്ന കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് അവയെ ക്ലസ്റ്ററുകളായി തിരിച്ച് ഇക്കോഷോപ്പിൽ അംഗങ്ങളാക്കുകയുണ്ടായി. ഇത്തരം ക്ലസ്റ്ററുകളിലെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണി വിലക്ക് ഇക്കോഷാപ്പ് എടുത്ത് കർഷകർക്ക് തുക നൽകുന്നു. ഇക്കോഷോപ്പിന്റെ നേതൃത്വത്തിൽ വിത്ത്, തൈകൾ, ജൈവകീടാണുവളങ്ങൾ എന്നിവ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. ഇക്കോഷോപ്പിന്റെ സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനായി ഇക്കോഷോപ്പ് ഫെസിലിറ്റേറ്ററുടെയും,

കൃഷി ഓഫീസറുടെയും പേരിൽ ജോയന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. കർഷകരിൽ നിന്നും ശേഖരിക്കുന്ന കാർഷിക വിഭവങ്ങൾ വിപണനം ചെയ്യുതിലൂടെ മെച്ചപ്പെട്ട വരുമാനം ഇക്കോഷോപ്പിനും ലഭിച്ചിട്ടുണ്ട്. കൃഷി ഓഫീസർ ലഭ്യമാക്കിയ 2018 മാർച്ച് മാസം മുതൽ ഡിസംബർ മാസം വരെയുള്ള ഇക്കോഷോപ്പിന്റെ സാമ്പത്തിക ഇടപാടുകളുടെ വിവരം ഇത് വ്യക്തമാക്കുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇടപാടു നടന്ന മാസം | കൃഷികാരിൽ സംഭരിച്ച കാർഷികോല്പന്നത്തിന്റെ അളവ് | കൃഷിക്കാർക്ക് നൽകിയ തുക | കൃഷിക്കാരിൽ നിന്നും സംഭരിച്ച ഉല്പന്നങ്ങൾ വിപണനം ചെയ്യുതിന്റെ അളവ് | വിപണനത്തിലൂടെ ലഭിച്ച തുക |
|---|---|---|---|---|---|
| 1 | മാർച്ച് 2018 | 1779.86 kg | 131309.80 | 1654.86 kg | 171673.80 |
| 2 | ഏപ്രിൽ 2018 | 603.25 kg | 31458.20 | 575.265kg | 39299.15 |
| 3 | മെയ്യ് 2018 | 483kg | 66589 | 575.265 | 65919 |
| 4 | ജൂൺ 2018 | 25kg | 375 | 25 | 475 |
| 5 | ജൂലൈ 2018 | 15kg | 300 | 15 | 350 |
| 6 | ആഗസ്റ്റ് 2018 | 16kg | 240 | 16 | 270 |
| 7 | സപ്റ്റംബർ 2018 | 730kg | 18348 | 730 | 24220 |
| 8 | ഒക്ടോബർ 2018 | 20kg | 300 | 20 | 310 |
| 9 | നവംബർ 2018 | 10kg | 150 | 10 | 160 |
| 10 | ഡിസംബർ 2018 | 15kg | 150 | 15 | 170 |

കാർഷികോല്പന്നങ്ങളുടെ സീസൺ അനുസരിച്ചുള്ള വ്യത്യാസം ഉല്പന്നങ്ങൾ ശേഖരിക്കുന്നതിൽ ഉണ്ടാകുന്നുണ്ടെങ്കിലും. ഉൽപന്നങ്ങൾക്ക് കർഷകർക്ക് നൽകിയ വിലയെക്കാൾ വിപണി വില

ലഭിക്കുന്നതായി മേൽ പത്രിക പ്രകാരം കാണുന്നു. പൂർണ്ണമായും ജൈവകൃഷിയിൽ ഉൽപാദിപ്പിച്ച ഉൽപന്നങ്ങളാണ് ഇക്കോഷോപ്പിലൂടെ സംഭരിക്കുന്നത് എന്നതിനാൽ കർഷകരിൽ നിന്നും സംഭരിച്ച ഉൽപന്നങ്ങൾ ഉയർന്ന വിലയ്ക്ക് വിറ്റുപോകുമെന്നുള്ളത് നിശ്ചയമാണ്. പരിമിതമായ അടിസ്ഥാന സൗകര്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷാപ്പിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി വിപുലപ്പെടുത്തിയാൽ കൂടുതൽ മെച്ചപ്പെട്ട ഫലം ഉണ്ടാക്കാൻ സാധിക്കുന്നതാണ്. പച്ചക്കറി തൈകൾ, വിത്തുകൾ, ജീവാണുവളങ്ങൾ എന്നിവ ഉൽപാദിപ്പിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. കൃഷിക്കാരുടെ ക്ലസ്റ്ററുകൾ വിപുലപ്പെടുത്തി കൂടുതൽ കർഷകരെ ജൈവകൃഷിയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. ഇതോടൊപ്പം കാർഷിക മേഖലയിൽ കൃഷികാർക്ക് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകാൻ കഴിയുന്ന കേന്ദ്രമായും ഇക്കോഷാപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തേണ്ടതാണ്. ലാഭ നഷ്ടത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ജൈവ കാർഷിക സംസ്കൃതി തിരിച്ചുപിടിക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

## 3-9 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി -മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്

പ്രത്യേക കന്നുകുട്ടിപരിപാലന പ്രോജക്ടിൽ ആനുകൂല്യം കൈപ്പറ്റിവരുന്ന ഗുണഭോക്താക്കൾ പദ്ധതി കാലയളവ് പൂർണ്ണമായും ആനുകൂല്യം കൈപ്പറ്റുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 2017-18 വർഷം കന്നുകുട്ടി പരിപാലനം (ജനറൽ), കന്നുകുട്ടി പരിപാലനം (വനിത) എന്നീ പ്രൊജക്ടുകളിലായി 40 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് പാലയോട് ക്ഷീരസംഘത്തിൽ വെച്ചാണ്. ഓരോ പദ്ധതി വർഷത്തിലും ഈയിനത്തിൽ ഗുണഭോക്താക്കൾക്കു വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ അളവ്,ഗുണനിലവാരം എന്നിവ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. 2017-18 വർഷത്തിൽ ഈ പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള എസ്.എൽ.ബി.പി എൻറോൾമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കന്നുകുട്ടി പരിപാലനം (ജനറൽ) ഗുണഭോക്താവായ ശ്രീമതി ജാനകി വി വി എന്നയാൾ ആഗസ്റ്റ് 2017 വരെ മാത്രമേ ആനുകൂല്യം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളൂ. മുൻ വർഷങ്ങളിൽ ഉൾപ്പെടെ ഈയിനത്തിൽ ആനുകൂല്യത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ എത്ര പേർ തുടർന്നും ആനുകൂല്യം കൈപ്പറ്റി വരുന്നുണ്ടെന്ന് മുൻ വർഷങ്ങളിലെ എൻറോൾ മെന്റ് രജിസ്റ്റർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഈ പ്രോജക്ടിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനാക്കി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 3-10 സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാവുന്നില്ല. യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നില്ല

പ്രോജക്റ്റ് നം. 41/18

കീഴല്ലൂർ പി.എച്ച്.സിക്ക് കിണർ നിർമ്മാണം.

എസ്റ്റിമേറ്റ്- ₹3,00,000

ചെലവ്- ₹ 9469 ( ബിൽ നം. 17/17-18, തീയതി, 11-3-2018 )

എഗ്രിമെന്റ്- AE/LSGD/ KLP/6/16-17, dt, 05-07-2016

എം.ബുക്ക് നം. 06/16-17

നിർവ്വഹണഉദ്യോഗസ്ഥൻ- അസി. എഞ്ചിനിയർ

കീഴല്ലൂർ പി.എച്ച്. സി ക്ക് കിണർ നിർമ്മിക്കുന്നതിന് 2015-16 ൽ തുടങ്ങിയ പ്രോജക്ടാണിത്. സ്പിൽ ഓവറായി തുടർന്ന ഈ പ്രോജക്ട് 2017-18വർഷത്തിലും നടപ്പാക്കിയിട്ടില്ല . 3,00,000 രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ച് ടെണ്ടർ ചെയ്ത് കരാറുകാരനെ എല്പിച്ച ഈ പ്രവൃത്തിക്ക് 2017-18 ൽ ₹9469 രൂപമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് വിഭാവനം ചെയ്ത കിണർ നിർമ്മാണം പാതി വഴിയിൽ മുടങ്ങിക്കിടക്കുകയാണ്. പ്രവൃത്തി സ്ഥലത്ത് കരിങ്കല്ലിന്റെ സാന്നിദ്ധ്യം കണ്ടതിനെ തുടർന്ന് കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച് പോവുകയാണ് ഉണ്ടായത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 9-6-2017 ലെ 133/17 (3) തീരുമാന പ്രകാരം ചെയ്ത പ്രവൃത്തിയുടെ അളവ് കണക്കാക്കി തുക നൽകാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകിയ തുകയാണ് ഈയിനത്തിൽ 2017-18 വർഷത്തിലെ പ്രോജക്ട് ചെലവായ 9469രൂപ. കരിങ്കല്ലിന്റെ സാന്നിദ്ധ്യം പരിശോധിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. ഓപ്പൺ വെൽ കുഴിക്കുന്നതിന്റെ പ്രായോഗികത ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പരിശോധിച്ച് പ്രായോഗീകമല്ലെങ്കിൽ ബോർ വെൽ കുഴിക്കുന്നതിന്റെ സാദ്ധ്യതയും പരിശാധിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/2018തീയതി, 22-2-2019) ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2015-16ൽ ആരംഭിച്ച ഈ പ്രോജക്ട് 2018-19ലേക്ക് സ്പിൽ ഓവറായ സാഹചര്യം ഒഴിവാക്കാമായിരുന്നു. ഓപ്പൺ വെൽ സാദ്ധ്യമാവില്ലെന്ന് ബോധ്യമായ സമയത്ത് തന്നെ പദ്ധതി റിവൈസ് ചെയ്ത് കുഴൽ കിണർ നിർമ്മിക്കാമായിരുന്നു. ഈ വിധം ചെയ്യാത്തത് മൂലം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിച്ചില്ലെന്നുമാത്രമല്ല. പദ്ധതി നടപ്പാക്കാത്തത് മൂലം പുതുക്കിയ എസ്റ്റിമേറ്റിലും ടെണ്ടറിലും പ്രവൃത്തി നടത്തേണ്ടിവരുന്ന അധിക ചെലവിനും കാരണമാവുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടുന്ന വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മറ്റിയും നിർവ്വഹണോദ്യോഗസ്ഥന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതായിരുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## **3-11** ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല

ചീഫ് എഞ്ചിനീയറുടെ ഡി.ബി.3/4620/12 സി.ഇ, ത.സ്വ.ഭ.വ തീയതി, 18-5-2016 സർക്കുലർ നിർദ്ദേശപ്രകാരവും , സ.ഉ ( സാധാ) നം.3119/2016 ത.സ്വഭ.വ തീയതി, 17-11-16 ഉത്തരവിലെ നിർദ്ദേശപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻഫണ്ട്,

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റിവെച്ച് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഇതുമൂലം ലക്ഷ്യമിടുന്നുണ്ട്. ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് യൂണിറ്റുകളാക്കി റോഡ് പ്രവൃത്തികൾക്ക് ഉപയാഗിച്ചുവരുന്നുണ്ട്. കൂടുതൽ ഈടുനിൽക്കുന്നതോടൊപ്പം മാലിന്യ സംസ്കരണമെന്ന ലക്ഷ്യം നേടുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്. എന്നാൽ 2017-18 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല. ഇത്തരത്തിലുള്ള പ്രോജക്ടുകളൊന്നും തയ്യാറാക്കിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ഓരോ വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നുണ്ട്. ഇവ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളാക്കി മാറ്റി റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## **3-12** വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി വാർഡുകളിൽ കുടിവെള്ള വിതരണം - ചെലവ് രേഖകളിൽ കൃത്യതയില്ല ചെലവ് തുക ₹ **6,00,000** തടസ്സത്തിൽ വെക്കുന്നു.

1). പ്രോജക്ട് നം. 22/2017-18

വരൾച്ചാ ദുരിതാശ്വാസം 1 മുതൽ 8 വരെയുള്ള വാർഡുകളിൽ കുടിവെള്ള വിതരണം

അടങ്കൽ-₹ 4,00,000 (കിയാൽ സി.എസ്.ആർ ഫണ്ട്)

ചെലവ്-₹ 400000

നിർവ്വഹണഉദ്യോഗസ്ഥൻ- വി.ഇ.ഒ

2).പ്രോജക്ട് നം. 33/2017-18

വരൾച്ചാ ദുരിതാശ്വാസം 9 മുതൽ 12 വരെയുള്ള വാർഡുകളിൽ കുടിവെള്ള വിതരണം

അടങ്കൽ-₹ 2,00,000 (കിയാൽ ഫണ്ട്)

ചെലവ്-₹ 200000 ( കിയാൽ സി.എസ്.ആർ ഫണ്ട്)
ആകെ ചെലവ് ₹600000

നിർവ്വഹണഉദ്യോഗസ്ഥൻ- വി.ഇ.ഒ

( ചെലവ് വിവരങ്ങൾ ₹ 2,70,000 രൂപ( ₹ 22500 x 12 )12 വാർഡുകളിലെ ഗുണഭോക്തൃകമ്മറ്റി കൺവീനർമാർക്ക് നേരിട്ട് ട്രഷറി ചെക്ക് മുഖാന്തിരം നൽകിയത്

ചെക്ക് നം. 11864, 11865, 11866, 11867, 11868, 11869, 11870, 012331, 012332, 012333, 012334 ,012335 തീയതി, 2-9-2017)

തുക ₹ 2,20,000 ചെക്ക് നം. 678977 , തീയതി, 06-12-2017

തുക ₹ 1,10,000 ചെക്ക് നം, 678978, തീയതി, 06-12-2017 )

--------------------

ആകെ- ₹ 6,00,000

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള വിതരണം നടത്തുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. 29-2 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായത്തിന്റെ 2500 ഏക്കറോളം സ്ഥലം ഉപയോഗപ്പെടുത്തി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിച്ചിരിക്കയാണ്. ഗ്രാമപഞ്ചായത്തിലെ സ്വാഭാവിക ജലസ്രോതസ്സുകൾ പലതും നികത്തപ്പെട്ടതിനാലും, വലിയ അളവിൽ ഭൂ പരിവർത്തനം നടന്നതിനാലും രൂക്ഷമായ ജലക്ഷാമമാണ് അനുഭവപ്പെടുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളക്ഷാമത്തിനുള്ള താൽകാലിക പരിഹാരമായാണ് ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിന് തീരുമാനിച്ചത്. ഈ പ്രോജക്ടിനായി ₹ 6,00,000 കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി അവരുടെ സി.എസ്. ആർ ഫണ്ടിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് സംബന്ധിച്ച് ഹാജരാക്കിയ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ കൃത്യമായി തയ്യാറാക്കിയതായി കാണുന്നില്ല. ഈ പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച റിപ്പോർട്ടിൽ ആകെ 516 ട്രിപ്പുകളിലായി 630137 ലിറ്റർ വെള്ളം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിൽ ജലം ലഭ്യമാക്കിയത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുടെ മൈലാടി ജലശുദ്ധീകരണശാല അസി.എഞ്ചിനിയർ ഹാജരാക്കിയ കത്ത് (നം. എ.ഇ.കീഴല്ലൂർ/ കെ. ഡബ്ല്യൂ. എ/ ബി. എസ്സ്. വരൾച്ച/ 2017 തീയതി, 22-07-2017) പ്രകാരം ആകെ 30,95,500 ലിറ്റർ വെള്ളം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തീയതി | ടാങ്കർ ലോറി നമ്പർ | വെള്ളത്തിന്റെ അളവ് (ലിറ്ററിൽ) | വാഹനത്തിന്റെ ട്രിപ്പ് |
|---|---|---|---|---|
| 1 | 30-3-2017 to 6-5-2017 | KL 13 S-1129 | 1505000 | 301 |
| 2 | 18-4-2017 to 4-6-2017 | KL 58-B-7828 | 5,19000 | 173 |
| 3 | 18-4-2017 to4-06-2017 | KL-13 Y-2315 | 5,98,500 | 171 |
| 4 | 22-4-2017 to2-6-2017 | KL 13-Y-9047 | 4,73,000 | 172 |
| | | ആകെ | 30,95,500 | 817 |

ജലഅതോററ്റിയിൽ നിന്നും ശേഖരിച്ച ജലം വാർഡ് തല ഗുണഭോക്തൃ കമ്മറ്റി മുഖാന്തിരമാണ് വിതരണം ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുള്ള 3095,500 ലിറ്റർ ജലം വിതരണം ചെയ്തത് സംബന്ധിച്ച് ഓരോ വാർഡ് തലത്തിലും ബെനിഫിഷ്യറി കൺവീനർമാർ തയ്യാറാക്കിയ സ്ഥതിവിവരം ലഭ്യമാക്കിയിട്ടില്ല. കിയാലിൽ നിന്നും കുടിവെള്ള വിതരണത്തിനായി ലഭിച്ച തുക ഓരോ വാർഡ് തലത്തിലെ ഗുണഭോക്തൃ കമ്മറ്റി കൺവീനർമാർക്ക് അവരുടെ അക്കൗണ്ടിലേക്ക് കൈമാറിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിധം കൈമാറിയ തുകയുടെ വിനിയോഗവിവരം വാർഡ് തലത്തിൽ തയ്യാറാക്കിയത് കൺവീനർമാരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗ് സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രസ്താവിച്ച രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് തുക ₹6,00,000 തടസ്സത്തിൽ വെക്കുന്നു. ജലഅതോറിറ്റിയിൽ നിന്നും ലഭിച്ച ജലത്തിന്റെ വിതരണ വിവരങ്ങൾ കൃത്യമായി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കുടിവെള്ള വിതരണം സംബന്ധിച്ച് ഓഡിറ്റ് പരാമർശിച്ച വിഷയങ്ങൾ സംബന്ധിച്ച രേഖകൾ വാർഡ് തല ഗുണഭോക്തൃകമ്മറ്റി കൺവീനർമാരിൽനിന്നും ശേഖരിച്ച് കൃത്യത പരിശോധിച്ച് ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇത്തരം പ്രോജക്ടുകളിൽ തുക നേരിട്ട് ഗുണഭോക്തൃകമ്മറ്റികൾക്ക് നൽകാതെ ചെലവ് ചെയ്യുന്നതിന് അനുസൃതമായി മാത്രം തുക അനുവദിക്കുന്ന രീതി അനുവർത്തിക്കേണ്ടതാണ്.

## 3-13 <u>ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.</u>

2017-18 വർഷം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് താഴെ പറയുംവിധം തുക നൽകിയിട്ടുണ്ട്.

1.

| | |
|---|---|
| പ്രോജക്ട് നം. | 110/2018 |
| പ്രോജക്ടിന്റെ പേര് | ചാലോട് സേട്ട് പീടിക -വടക്കാഞ്ചേരി ഭാഗത്ത് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 172000/-( വികസനഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | 23/10-01-2018 145000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി |

2.

| | |
|---|---|
| പ്രോജക്ട് നം. | 88/2018 |
| പ്രോജക്ടിന്റെ പേര് | കാര പേരാവൂർ തേക്കിൻ പടവലത്ത് വയൽ റോഡിൽ പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 200000/- രൂപ ( വികസനഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | 06/02-08-2017 200000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി |
| വിനിയോഗിച്ചത് | 190999 |

ബാക്കി തുക 9001/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് ബില്ല് നൽകി രണ്ട് ആഴ്ചയ്ക്കകം വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്. പ്രവൃത്തികൾ നടപ്പാക്കുന്നതിനായി നൽകിയ തുകയുടെ വിനിയോഗവിവരവും ബാക്കി തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 200000 | പാലിയേറ്റീവ് പരിചരണപദ്ധതി | 199933 | 67 |
| ബ്ലോക്ക് പഞ്ചായത്ത് | 212500 | സമഗ്ര നെൽകൃഷി വികസനം | 212500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 70000 | കറവപ്പശുക്കൾക്ക് ഉത്പാദന സബ്സിഡി | 70000 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 207000 | കശുമാവിൻ തൈവിതരണം | 207000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2500000 | പൊതുശ്മശാനത്തിന് സ്ഥലം ഏറ്റെടുക്കൽ | 0 | 28/03/18 ലെ സ.ഉ51/18 പ്രകാരം പ്രസ്തുത തുക സർക്കാർ തിരികെ എടുത്തു. |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക്നം. തീയ്യതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | കാരപേരാവൂർ തേക്കിൻ പടവത്ത് വയൽ റോഡിന് പൈപ്പിടൽ | 21700838 തി.27/07/17 | 200000 | 190999 | 9001 |
| കെ.ഡബ്ല്യൂ.എ | ചാലോട്സ്റ്റേട്ടു പീടിക-വടക്കാഞ്ചേരി ഭാഗത്ത് കുടിവെള്ളപൈപ്പ് നീട്ടൽ | 21700839 തി. 22/12/17 | 145000 | 0 | 145000 |
| കെ.എസ്.ഇ.ബി | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 21700840 തീ.28/12/17, 21700841 തീ. 28/12/17 | 107400<br>207000 | 107400<br>207000 | 0<br>0 |
| കെ.എസ്.ഇ.ബി | കണ്ണൂർ വിമാനത്താവള പുനരധിവാസ | 21701055 തി.31/3/18 | 915520 | 915520 | 0 |

| | | | | | |
|---|---|---|---|---|---|
| | കേന്ദ്രങ്ങളിലേക്ക് വൈദ്യുതി എത്തിക്കൽ -ലൈൻ വലിക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി(ഷെയർ സർട്ടിഫിക്കറ്റ്) | 20,000 |
| ആകെ | 20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3480 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2006-07 | 2-3 | 240 | സെക്രട്ടറി, എളമ്പാറ വനിതാസഹകരണസംഘം | 117040105496 dt.14/12/17 |
| 2006-07 | 2-3 | 2500 | സെക്രട്ടറി, ഇരിട്ടി ബ്ലോക്ക് അഗ്രികൾച്ചറൽ ഇംപ്രൂവ്മെൻറ് സഹകരണസംഘം, ചാലോട് | 117040105814, dt.01/01/18 |
| 2006-07 | 2-3 | 240 | സെക്രട്ടറി, തെരൂർവനിതാകോ-ഓപ്പറേറ്റീവ് സൊസൈറ്റി, കാനാട് | 117040105817, dt.03/01/18 |
| 2008-09 | 3-12 | 500 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 117040105717,dt.20/12/17 |
| | ആകെ | 3480 | | |

## **4-7** <u>സമാഹൃത ഓഡിറ്റ് റിപ്പോർട്ട്</u>

ഇല്ല

## **4-8** <u>ചാർജ് /സർചാർജ് നടപടികളുടെ വിവരം</u>

ഇല്ല

## **4-9** <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75388713 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55518932 |
| വരവിനങ്ങളിലുള്ള നഷ്ടം | 500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 697000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 500 | - | ശ്രീ.അനിൽ കുമാർ.എൻ.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 40000 | ശ്രീ. ഷാജി. എം വി.ഇ.ഒ (എടയന്നൂർ) |
| | 57000 | നിരൂപ് കുമാർ. പി വി.ഇ.ഒ (കീഴല്ലൂർ) |
| 3-12 | 330000 | നിരൂപ് കുമാർ. പി വി.ഇ.ഒ (കീഴല്ലൂർ) |
| | 270000 | ശ്രീ ഷാജി എം വി.ഇ.ഒ( എടയന്നൂർ) |
| ആകെ | 697000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക |
|---|---|
| 3-5 | 1698 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.അനിൽ കുമാർ.എൻ,സെക്രട്ടറി | സെക്രട്ടറി<br>കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | ശ്രീഭവൻ<br>പിണറായി |
| ഷാജി.എം.വി.ഇ.ഒ | വി.ഇ.ഒ<br>എടയന്നൂർ സർക്കിൾ<br>കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | കളത്തിൽ ഹൌസ്<br>നെല്ലൂന്നി<br>മട്ടന്നൂർ |
| നിരൂപ് കുമാർ.പി.വി.ഇ.ഒ (കീഴല്ലൂർ) | വി.ഇ.ഒ<br>കീഴല്ലൂർ സർക്കിൾ<br>കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | പാലാഴി ഹൗസ്<br>നിർമ്മലഗിരി<br>കുത്തുപറമ്പ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 (പദ്ധതി) | കെ.എസ്.എ/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 2 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 1 |
| 1999-00 (പദ്ധതി ഒഴികെ) | കെ.എസ്.എ/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 2 |
| 1999-00 (പദ്ധതി) | കെ.എസ്.എ/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 2 |
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 2 |

| | | |
|---|---|---|
| (പദ്ധതി) | | |
| 2000-01 (പദ്ധതി ഒഴികെ) | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 2 |
| 2001-02 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 3 |
| 2001-02 (പദ്ധതി) | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 1 |
| 2002-03 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 6 |
| 2003-04 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 12 |
| 2004-05 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 8 |
| 2005-06 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 19 |
| 2006-07 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 4 |
| 2007-08 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 4 |
| 2008-09 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 7 |
| 2009-10 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 7 |
| 2010-11 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 8 |
| 2011-12 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 3 |
| 2012-13 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 1 |
| 2013-14 2014-15 | കെ.എസ്.എ്/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 4 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ.സി10 /2083/17തീ.26.03.2018 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ.സി10 /1655/17തീ.10.11.2017 | 5 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/241/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 29.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Keezhallur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 29796759.00 |
| Cash | Cash | RP-40(a) | 29193.00 |
| | Operating | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 1519880.00 |
| 140000000 | Fees & User Charges | RP-4 | 516017.00 |
| 150000000 | Sale & Hire Charges | RP-5 | 105373.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 30380902.00 |
| 171000000 | Interest Earned | RP-9 | 1084558.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 36187126.00 |
| 350000000 | Other Liabilities | RP-36 | 652874.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3085.00 |
| 311000000 | Earmarked Funds | RP-29 | 16010.00 |
| 340000000 | Deposits Received | RP-34 | 154042.00 |
| 350000000 | Other Liabilities | RP-36 | 354221.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4393625.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| | Grand total | | 105214665.00 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 3026882.00 |
| 220000000 | Administrative Expenses | RP-12 | 955798.00 |
| 230000000 | Operations & Maintenance | RP-13 | 1135584.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3495696.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8500652.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3213670.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 806158.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 167742.00 |
| 255000000 | Maintenance Projects | RP-20 | 3555578.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1943.00 |
| 280000000 | Prior Period item | RP-26 | -500.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 420551.00 |
| 350000000 | Other Liabilities | RP-36 | 4814815.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3353.00 |
| 280000000 | Prior Period Item | RP-26 | -2980.00 |
| 311000000 | Earmarked Funds | RP-29 | 6000.00 |
| 340000000 | Deposits Received | RP-34 | 25800.00 |
| 350000000 | Other Liabilities | RP-36 | 2027617.00 |
| 410000000 | Fixed Assets | RP-38 | 3847857.00 |
| 412000000 | Capital work in Progress | RP-40 | 6511502.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12459214.00 |
| 460000000 | Loans, Advances and Deposits | RP-47 | 546000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 49683507.00 |
| Cash | Cash | RP-40(b) | 12226.00 |

| | | |
|---|---|---|
| | Grand Total | 105214665.00 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Keezhallur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5243548.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 829800.00 |
| 140000000 | Fee & User Charges | I-4(b) | 1329395.00 |
| 150000000 | Sale & Hire Charges | I-5(b) | 105373.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 74144747.00 |
| 171000000 | Interest Earned | I-8 | 1080838.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 3085.00 |
| | Total Income | | 82736786.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9255312.00 |
| 220000000 | Administrative Expenses | I-11(b) | 955798.00 |
| 230000000 | Operations & Maintenance | I-12(b) | 1135584.00 |
| 240000000 | Interest & Finance Charges | I-13 | 3353.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6252993.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21839526.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3133082.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 806158.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 32557642.00 |
| 255000000 | Maintenance Projects | I-14(e) | 6769738.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1943.00 |
| 272000000 | Depreciation | I-17(a) | 10096467.00 |

| | | | |
|---|---|---|---|
| | Total Expenditure | | 92807596.00 |
| | Gross Surplus/ Deficit of income over Expenditure | | -10070810.00 |
| 280000000 | Prior Period Item | I-18 | 555103.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -10625913.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Keezhallur Grama Panchayat<br>BALANCE SHEET AS ON<br>31-03-18 | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 13839062.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 97130.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 43663525.00 |
| | Total Reserve & Surplus | | 57599717.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 34158506.00 |
| | Total Grants, Contributions for Specific Purposes | | 34158506.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3757709.00 |
| 341000000 | Deposits Works | B-8 | 232.00 |
| 350000000 | Other Liabilities | B-9 | 1529425.00 |
| | Total Current Liabilities and Provisions | | 5287366.00 |
| | TOTAL LIABILITIES | | 97045589.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 43619278.00 |
| 411000000 | Accumulated Depreciation | B-11 | -10096467.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 912245.00 |
| | Total Fixed Assets | | 34435056.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12611507.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 49695733.00 |
| 460000000 | Loand, Advances and Deposits | B-18 | 283293.00 |
| | Total Current Assets, Loans and Advances | | 62590533.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 97045589.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.